ളിൽ താമസിക്കുന്നവർക്കൊരു പ്രത്യേക തയുണ്ടായിരുന്നു. അവരുടെ വീടുകൾ നദികൾക്കഭിമുഖമായിട്ടായിരിക്കും കെട്ടി യുണ്ടാക്കിയിരിക്കുക. ഓരോ പ്രഭാത ത്തിലും പുഴയെ കണ്ടും അതിൽ മുങ്ങി നിവർന്നുമാണ് ജീവിതമാരംഭിക്കുക. അവരുടെ ഓരോ സായാഹ്നത്തെയും തഴുകി സജീവമാക്കുന്നത് പുഴയിൽ നിന്നടിക്കുന്ന നേരിയ മാരുതനാണ്. പുഴ യുടെ ശാന്തത, അല്ലെങ്കിൽ പ്രചണ്ഡ പ്രവാഹം അവരുടെ ജീവിതത്തിന്റെ സംഗീതമാണ്. ഇന്ന് പക്ഷേ പുഴവക്കിലെ വീടുകൾ പോലും പുഴയി ലേക്കുള്ള അനന്തമായ നോട്ടത്തെ പിൻവലിച്ചിരിക്കുന്നു. പുഴയിലേക്ക് തിരി ഞ്ഞുനിന്നിരുന്ന ഭവനങ്ങൾ റോഡി ലേക്കു തിരിച്ചുനിർത്തി പുനർനിർമി ക്കുന്ന സംസ്കാരം വല്ല ആപൽ സൂച നയുമാണോ? കാണേണ്ടതു കാണാതി രിക്കാനുള്ള സാമൂഹിക വാസ്തുവിദ്യാ ശാസ്ത്രം ഇതിനു പിന്നിലുണ്ടാവുമോ? സ്വർഗീയ അരുവിക്കും അതിനോട് ചേർന്നു നിൽക്കുന്ന പച്ച പട്ടുടുപ്പിനും അഭിമുഖമായി ജീവിതത്തെ തിരിച്ചു നിർത്തണമെന്നാണ് സ്രഷ്ടാവ് ഉദ്ദേശി ക്കുന്നത്.

ആരാണ് സ്വർഗീയ നദീതട സംസ്കാരത്തിലെ മനുഷ്യർ? നദീതീ രത്ത് വീടുവെച്ചു താമസിക്കുന്നവരായി രിക്കുമോ? ഭൂമിയിൽ ഒരു പുഴയെ കണ്ടാ ലറിയാം തീരത്ത് താമസിക്കുന്നവരുടെ സംസ്കാരവും ജീവിതവും. ഒരു നാട്ടിലെ മനുഷ്യ ജീവിതം എത്രമേൽ പ്രകൃതിക്കനുരൂപമാണെന്നും എത്ര കണ്ട് പ്രകൃതി വിരുദ്ധമാണെന്നും അവി ടത്തെ പുഴ പറഞ്ഞുതരും. ഒടിഞ്ഞു വീണ മരത്തലപ്പുകളും ഉപേക്ഷിക്കപ്പെട്ട വസ്തുക്കളും പുഴയൊഴുക്കിലുണ്ടായി രുന്നെങ്കിലും അതിനെ യഥാസ്ഥാനത്ത് നിക്ഷേപിക്കാനുള്ള കരുത്തും പുഴയ് ക്കുണ്ടായിരുന്നു. ഇന്ന് പക്ഷേ പ്ലാസ്റ്റിക് ബാഗുകളിൽ കെട്ടിയിറക്കപ്പെടുന്ന മാലി ന്യങ്ങളും നിരവധി വ്യവസായശാലകൾ വിസർജിക്കുന്ന വസ്തുക്കളുമാണ് പുഴ യിൽ അടിഞ്ഞുകൂടി കിടക്കുന്നത്. മണ ലൂറ്റിയ ആറുകളിൽ ചെളി നിറഞ്ഞു. മത്സ്യങ്ങൾ ചത്തു മലച്ചു. ഒരു കാര്യം ഉറപ്പ്. ഇതൊന്നും സ്വർഗത്തിലെ പുഴക ളിൽ നടപ്പിലാവാൻ ദൈവം സമ്മതിക്കി ല്ല. അതുകൊണ്ടുതന്നെ ഭൂമിയിലെ പുഴയെ നശിപ്പിച്ചവർക്ക് ഈ ആറു കൾക്കക്കരെയും ഇക്കരെയും വീട്

കവിത



# ഓട്ടോബയോഗ്രഫി

**› നജീർ വെള്ളാങ്കല്ലൂർ**

ഒഴിഞ്ഞ വയറുമായി മൂലക്കിരിപ്പുണ്ട്
കിതച്ചു കൊണ്ട് ഒരു ചോറ്റു പാത്രം
കൂട്ടബെല്ല് ഇപ്പോഴും പെയ്യിക്കുന്നുണ്ട്
പുസ്തകത്തിന് മീതെ പെരുമഴ
രാമൻ മാഷ് കൊണ്ട് വെച്ച ഗ്ലോബിനോടൊപ്പം
അച്ചുതണ്ട് ഒടിഞ്ഞു
ഉറക്കം തൂങ്ങുന്നു ലാസ്റ്റ് ബെഞ്ച്
ചന്ദ്രൻ മാഷിന്റെ തരിശായ ഭൂമിശാസ്ത്രം
രമണി ടീച്ചറുടെ ഗ്രാമറിൽ
ഇപ്പോഴും കണ്ണ് മിഴിച്ചിരിപ്പാണ്!
ഒരേ താളത്തിൽ
നിശബ്ദമാകുന്ന ചോറ്റു പാത്രങ്ങൾ
പറയുന്നുണ്ട് ഭൂതം, ഭാവി, വർത്തമാനം.
സ്കൂൾ റോഡിൽ എറിഞ്ഞവന് നേരെ വിരൽ ചൂണ്ടി
പൊട്ടിച്ചിട്ട ഫ്രണ്ട് ഗ്ലാസുമായി
ആ ബസ് ഹോണടിക്കുന്നു
പരീക്ഷാ ഹാളിൽ
ഉത്തരം എഴുതാൻ ചോദ്യങ്ങൾ ബാക്കിയാക്കി
വിയർക്കുന്നുണ്ട് മുനയൊടിഞ്ഞ പേന!
കുടയെടുക്കാൻ മറന്നു പോയ മഴ
പാതിവഴി പിന്നിട്ടു നനഞ്ഞു കിതച്ചു നിൽക്കുന്നു.
കൂടെ വരുന്നു സ്കൂൾ മുറ്റം,
എത്രയോ കാലങ്ങൾക്കിപ്പുറവും.

•

വെക്കാനാവില്ല. സ്വർഗീയ സംസ്കാര ത്തിലേക്കും പ്രവേശനം ലഭിക്കാൻ അവർക്കർഹതയുണ്ടാവില്ല.

*****

പുഴയുടെ ഒഴുക്കാണ് മനുഷ്യനെ ജീവിതം പഠിപ്പിച്ചത്. ജീവിത പ്രവാഹവും നദീപ്രവാഹവും തമ്മിലെത്രയോ സാമ്യം. താഴ്ചയിലേക്ക് കുതിച്ചാണ് പുഴ ആശ്ചര്യപ്പെടുത്തുന്നത്. താഴ്മയുടെ മഹിമ പഠിപ്പിച്ചത് ജലത്തിന്റെ ഈ ശേഷി തന്നെ. വീഴ്ചക്കിത്രയും സൗന്ദര്യമുണ്ടെന്നും സ്വന്തം പതനത്തിലാണ് അപരന് വേണ്ടിയുള്ള ഊർജപ്രവാഹം സാധ്യമാകുന്നതെന്നും, വീണ്ടും കുതിച്ചൊഴുകാമെന്നും പുഴ പഠിപ്പിച്ചു. മുങ്ങാനും പൊങ്ങാനും സാധിക്കുന്നതാണ് ജീവിതം. ഇക്കരെപ്പച്ച തന്നെയാണ് അനുഭവ സത്യമെന്ന് പുഴ നീന്തിക്കടക്കുമ്പോൾ ബോധ്യമാവുന്നു. പതയുടെ കാപട്യത്തെ കുറിച്ചും പുഴ പഠിപ്പിച്ചു. നട്ടുച്ച വെയിലിലെ കുളിർമയും സായാഹ്നത്തിലെ പ്രണയിനിയുടെ ഊഷ്മളതയുമാണ് പുഴ. വിയർത്തൊലിക്കുമ്പോഴും കുളിയുടെ ആശ്വാസം. കിലോ മീറ്ററുകൾ പിന്നിട്ട് പുഴ കര കാണാ കടലിൽ പതിക്കുന്നതോടെ അതിന്റെ നിയോഗം പൂർത്തിയായി. മണ്ണിലലിഞ്ഞ് ചേർന്ന്, പുനർജനിച്ച് മനുഷ്യൻ തന്റെ ലക്ഷ്യസ്ഥാനത്തെത്തി- പുഴവക്കിൽ തന്നെ. നദി അനന്തമായൊഴുകുകയാണ്, ജീവിതവും.

*****

വെള്ളത്തിന്റെ മുകളിൽ നിന്ന് താഴോട്ടുള്ള ഒഴുക്ക് മാത്രമല്ല നദിയെന്ന് എത്രയോ പേർ പറഞ്ഞിട്ടുണ്ട്. കാലത്തിലൂടെയുള്ള സഞ്ചാരമാണ് നദി. ഒരു പുഴയിലൊരിക്കലേ മുങ്ങാനാവൂ. പൊങ്ങുമ്പോഴേക്കും അത് തീർത്തും പുതിയൊരു പുഴയായിട്ടുണ്ടാവും. എത്രയോ സംസ്കൃതികൾ നദീതീരങ്ങളിൽ വളരുകയും തളരുകയും ചെയ്തു. അഥവാ നദി വളർത്തുകയും തളർത്തുകയും ചെയ്തു. ജീവിത മാർഗമായും പരീക്ഷണമായും ശിക്ഷയായും വിമോചനത്തിലേക്കുള്ള രാജവീഥിയായും പുഴ മനുഷ്യ ചരിത്രത്തോടൊപ്പം സഞ്ചരിച്ചു. സ്വർഗത്തിൽ ദൈവപ്രീതിയുടെ അനന്ത പ്രവാഹമായി, നാനാ ഭാവ തരംഗിതമായി നദിയുണ്ടാവും.

■

കവിത



# വിറക്

**മുസ്ത്വഫാ മുബശ്ശിർ പി**

മരമായ് തുടരാനുള്ള
ആഗ്രഹത്തിന്
ആരോ കോടാലി വെച്ചത്
ഇന്നും കനലായ്
മനസ്സിലുണ്ട്

പുകയുന്ന വൃദ്ധസദനത്തിലേക്ക്
തിരുകിയിറക്കിയപ്പോഴും
കുറുകെ സഞ്ചരിച്ച
വാക്കുകൾക്ക്
മൗനമാണ് കടം കൊടുത്തത്.

തലക്കെട്ടിടാത്ത
കവിത പോലെ
അപൂർണമാണെങ്കിലും
മണ്ണിനടിയിൽ
വളരാൻ മടിക്കുന്ന
വേരുകളുണ്ട്
എഴുന്നുനിൽക്കരുതേ
എന്നാണ് പ്രാർഥന
വാക്കിന്റെ നിഴൽ തട്ടി
കറുത്താലോ?
അടുത്ത ജന്മത്തിലെങ്കിലും
നിഴൽ പെയ്യുന്ന
ഇലകളായ്
മരിക്കാതിരുന്നെങ്കിൽ.

•